വളരെ അടിയന്തിരം

ഇ8 - 12264/2017

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 23.08.2017
ഇ-മെയിൽ: *directorofpanchayatsestt@gmail.com*
ഫോൺ - 0471 2321054

**പഞ്ചായത്ത് ഡയറക്ടർ**
**തിരുവനന്തപുരം**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും**

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - 01.01.1990 മുതലുള്ള വിവിധ തസ്തികകളിലെ സീനിയോറിറ്റി പട്ടികയുടെ പുതുക്കി തയ്യാറാക്കിയ കരട് പ്രസിദ്ധീകരിച്ചത് - ഉദ്യോഗസ്ഥരെ നേരിൽ കേൾക്കുന്നത് - ആക്ഷേപം സമർപ്പിക്കാത്തവർക്കും അവസരം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- (1) ഈ ആഫീസിലെ 29/05/2017 (1) -ലെ ഇ8-12264/17 നമ്പർ നോട്ടീസ്.
(2) ഈ ആഫീസിലെ 29/05/2017 (2) -ലെ ഇ8-12264/17 നമ്പർ നോട്ടീസ്.
(3) ഈ ആഫീസിലെ 29/05/2017 (3) -ലെ ഇ8-12264/17 നമ്പർ നോട്ടീസ്.
(4) ഈ ആഫീസിലെ 29/05/2017 (4) -ലെ ഇ8-12264/17 നമ്പർ നോട്ടീസ്.
(5) ഈ ആഫീസിലെ 29/05/2017 (5) -ലെ ഇ8-12264/17 നമ്പർ നോട്ടീസ്.

പഞ്ചായത്ത് വകുപ്പിൽ മേൽ സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന വിവിധ തസ്തികകളിലെ കരട് സീനിയോറിറ്റി പട്ടികകളിൻമേൽ ആക്ഷേപങ്ങൾ സമർപ്പിച്ച ഉദ്യോഗസ്ഥരെ 29.08.2017, 30.08.2017 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ വച്ച് നേരിൽ കേൾക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഹിയറിംഗിന് ഹാജരാകുന്നതിനുള്ള അറിയിപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വഴി നൽകിയിട്ടുള്ളതാണ്.

ഇതിനുപുറമെ ആക്ഷേപം സമർപ്പിച്ച് അറിയിപ്പ് ലഭിക്കാത്തവർക്കും, മേൽ കരട് പട്ടികകളിൻമേൽ ആക്ഷേപം നാളിതുവരെ സമർപ്പിക്കാത്ത ഉദ്യോഗസ്ഥർക്കും ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട തീയതിയിൽ ആക്ഷേപം സഹിതം ഹിയറിംഗിൽ പങ്കെടുക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

**പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി**

പിഴ്‌ല 23/8/17